Subject Code : **06**

**March, 2014**

# MALAYALAM

*Time : 3 Hours 15 Minutes* ] [ *Total No. of Questions : 46* ] [ *Max. Marks : 100*

I. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക : 10 × 1 = 10

1. പണ്ടുഞാനീവണ്ണമുള്ളോരു വസ്തുവെ കണ്ടറിയുന്നില കാന്താ ധരിക്കെടോ.
   - ആരു്, എന്തു വസ്തുവെ കണ്ടിട്ടില്ല എന്നാണ് പറയുന്നത് ?
2. 'നാല്പാമരമരിഞ്ഞുകൂട്ടിയ മാതിരി' എന്ന് കവിതയിൽ വിശേഷിപ്പിക്കുന്നത് എന്തിനെയാണ് ?
3. കറുത്ത ചെട്ടിച്ചികളെ മാരിവില്ലെന്ന്നിനച്ചു പോയതിന്റെ കാരണമെന്ത് ?
4. കാത്തവീര്യനെ വധിച്ച പരശുരാമനെ ജനങ്ങൾ കാണുന്നത് എങ്ങനെ ?
5. കോൾമാറിലെ പാക്കിൽ ആൽബർട്ടിനെ ആകർഷിച്ച പ്രതിമയുടെ സവിശേഷതയെന്ത് ?
6. വറ്റാത്തകിണറുകളെല്ലാം വറ്റിത്തുടങ്ങിയപ്പോൾ ഗ്രാമവാസികൾ കണ്ട പരിഹാരം എന്തായിരുന്നു ?
7. എയ്ഡ്സ് രോഗം പകരുന്ന ഏതെങ്കിലും മൂന്ന് മാർഗ്ഗങ്ങൾ എഴുതുക.
8. ടോൾസ്റ്റോയ്, സ്വത്തിന്മേലുള്ള ഉടമസ്ഥാവകാശം ഉപേക്ഷിച്ചപ്പോൾ പതിയുടെ പ്രതികരണം എന്തായിരുന്നു ?
9. എം.ടി. പത്രപ്രവർത്തന രംഗത്ത് എത്തിച്ചേർന്നതെങ്ങനെ ?
10. ജനങ്ങളുമായി പരിചയപ്പെടുമ്പോഴുള്ള തായ്ലണ്ടുകാരുടെ ആചാരക്രമങ്ങൾ എന്തെല്ലാം ?

II. മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക : ( ഏതെങ്കിലും പത്തെണ്ണം ) 10 × 2 = 20

11. സൗഗന്ധികം തേടിക്കൊണ്ടുവരാൻ ഭീമസേനന് കഴിവുണ്ടെന്ന് പാഞ്ചാലി സമർത്ഥിക്കുന്നതെങ്ങനെ.
12. ചുടലക്കാട്ടിലേയ്ക്കു പ്രവേശിക്കുന്ന ഉപഗുപ്തനെ കവി അവതരിപ്പിക്കുന്നതെങ്ങനെയെല്ലാം ?
13. ഭാരത ഭൂഖണ്ഡത്തിൽ പരശുരാമൻ കണ്ടുമുട്ടിയ ക്ഷത്രിയ സമൂഹം എങ്ങനെയുള്ളവരായിരുന്നു ?
14. കവി, ആസ്പത്രിയിൽ കഴിച്ചുകൂട്ടിയ രാവുകൾ എങ്ങനെയുള്ളതായിരുന്നു ?

15. 'നേരറിഞ്ഞാൽ നീ നീറി മരിക്കും' - തള്ളക്കോഴി മക്കളോട് പറയാൻ മടിക്കുന്ന നേരെന്ത് ?

16. രുദ്രാക്ഷത്തെക്കുറിച്ചുള്ള പത്രപരസ്യങ്ങൾക്ക് ആദ്യംകിട്ടിയ മറുപടി എന്തായിരുന്നു ?

17. ശ്രീ. സാമുവലിന്റെ 'വെളിച്ചം തേടുന്നവർ' എന്ന ഫീച്ചറിന്റെ സവിശേഷത എന്ത് ?

18. അംബയെ സഹായിക്കാനുള്ള പരശുരാമന്റെ ശ്രമങ്ങളെ കുട്ടികൃഷ്ണമാരാർ വിലയിരുത്തുന്നതെങ്ങനെ ?

19. കാവുകളുടെ അധിദേവതകൾ മരച്ചില്ലകൾ ഉലച്ചു വിളിച്ചുപറയുന്ന വാക്കുകൾ എന്തെല്ലാം ?

20. റിഗ്രോ വൈറസ്സ് എന്നാൽ എന്ത് ?

21. ഉണ്ണി അമ്മയെ വെറുക്കുന്നതെന്തുകൊണ്ട് ?

22. ചാവു് പ്രിയാ നദിയിലൂടെയുള്ള ബോട്ടുയാത്രയെ ലേഖകൻ സ്മരിക്കുന്നതെങ്ങനെയെല്ലാം ?

III. ഒരു ഖണ്ഡികയിൽ സന്ദർഭവും ആശയവും വ്യക്തമാക്കുക (ഏതെങ്കിലും നാലെണ്ണം) : $4 \times 3 = 12$

23. എത്രയും മോഹം നമുക്കിങ്ങതിന്നുനീ
പാത്രമെന്നുള്ളതും സന്ദേഹമില്ലെടോ.

24. ശരിശരി ! പരദുഃഖ ശമനമോർത്തല്ലോമുറ്റും
ശരണ ത്രയീധനന്മാർ ഭിക്ഷ തെണ്ടുന്നു.

25. മോളിലാണവർ, മാനത്തെ മേട -
വീട്ടിലാണക്കഴുകന്മാർ വാഴ്ച.

26. 'എടോ, ഞാൻ പണം വലിച്ചെറിയുവാൻ ശീലിച്ച വനല്ല. നൂറുറുപ്പിക പോകുന്ന ദിക്കിൽ നേരമ്പോക്ക് പറയുന്ന സമ്പ്രദായവും എനിയ്ക്കില്ല.

27. ശക്തമായ മാംസപേശികളും ബലിഷ്ഠമായ ശരീരവും ഉണ്ടെങ്കിലും അവന്റെ മുഖത്ത് അവാച്യമായ ഒരു വിഷാദവും ദൈന്യതയും തങ്ങി നില്പുണ്ട്.

28. ഓടിച്ചെന്നു നോക്കുമ്പോൾ കരിമുള്ളിനിടയിൽ, ഇലച്ചാർത്തിനിടയിൽ ഒരു പിടിനീളത്തിൽ തൊടുത്ത അമ്പിളിക്കീറുകൾ. അതിലൊന്നു തൊട്ടാൽ തൊടുന്ന കൈ മണക്കും.

IV. നൂറുവാക്കിൽ ഉത്തരമെഴുതുക : ( ഏതെങ്കിലും നാലെണ്ണം ) $4 \times 7 = 28$

29. പാഞ്ചാലിയുടെ പുഷ്പാഭ്യർത്ഥനയിൽനിന്ന് വെളിപ്പെടുന്ന അവളുടെ സ്വഭാവ സവിശേഷതകളെ വിലയിരുത്തുക.

30. തള്ളക്കോഴിയിൽ കാണാൻ കഴിയുന്ന മാതൃത്വത്തിന്റെ വേദനകളും നിയോഗങ്ങളും എന്തെല്ലാമെന്ന് വിവരിക്കുക.

31. എല്ലാ ജീവജാലങ്ങളോടും സൗഹൃദം പുലർത്തിയിരുന്ന ഒരു ബാല്യമാണ് ആൽബർട്ടിനുണ്ടായിരുന്നതെന്ന് ഉദാഹരണ സഹിതം വിവരിക്കുക.

32. എയ്ഡ്സ് രോഗത്തെ 'ഇഴഞ്ഞു നീങ്ങുന്ന രോഗം' എന്ന് വിശേഷിപ്പിയ്ക്കുന്നത് എന്തുകൊണ്ട് ?

33. കാലഘട്ടത്തിന്റെ മാറ്റത്തിനനുസരിച്ച് കുടുംബബന്ധങ്ങളിലുണ്ടാവുന്ന വിള്ളലുകളാണ് 'അമ്മയും മകനും' എന്ന കഥ. നിരൂപണം ചെയ്യുക.

34. 'വാക്കുകളുടെ വിസ്മയ'ത്തിലൂടെ എം.ടി. പങ്കുവെയ്ക്കുന്ന ജീവിതാനുഭവങ്ങളെന്തെല്ലാം ?

V. 35. ആശയം വിശദമാക്കി ഒരു ഖണ്ഡിക എഴുതുക : ( ഏതെങ്കിലും ഒന്നിന് ) $1 \times 3 = 3$

i) വിദ്യാധനം സർവ്വധനാൽ പ്രധാനം.

ii) ബന്ധുര കാഞ്ചനക്കൂട്ടിലാണെങ്കിലും
ബന്ധനം ബന്ധനം തന്നെ പാരിൽ.

36. പദം പിരിച്ച് സന്ധി നിർണ്ണയിയ്ക്കുക : (ഏതെങ്കിലും നാലു പദങ്ങൾ) $4 \times \frac{1}{2} = 2$

| | |
|---|---|
| i) ഇടമില്ല | ii) ചുറ്റിത്തിരിഞ്ഞു |
| iii) പതിവായി | iv) എന്തെല്ലാം |
| v) തിരുവാഭരണം | vi) പച്ചയില |

37. വിഗ്രഹിച്ച് സമാസം എഴുതുക : ( ഏതെങ്കിലും നാലു പദങ്ങൾ ) $4 \times \frac{1}{2} = 2$

| | |
|---|---|
| i) വെൺമേഘം | ii) നാൽക്കാലികൾ |
| iii) താമരയിതൾ | iv) കൈകാലുകൾ |
| v) കാർവർണ്ണൻ | vi) പത്മപാദം |

38. വിപരീത പദങ്ങൾ എഴുതുക : ( രണ്ടു പദങ്ങൾ ) $2 \times \frac{1}{2} = 1$

| | |
|---|---|
| i) ഉപദ്രവം | ii) ഭയം |
| iii) തുല്യം | iv) സ്വന്തം |

39. രണ്ടു് പര്യായപദങ്ങൾ വീതം എഴുതുക : ( രണ്ടു പദങ്ങൾക്ക് ) $2 \times \frac{1}{2} = 1$

| | |
|---|---|
| i) ഭൂമി | ii) ചന്ദ്രൻ |
| iii) കണ്ണ് | iv) പുഷ്പം |

40. വൃത്തം നിർണ്ണയിയ്ക്കുക : ( ഒന്നിന്റെ ) $1 \times 3 = 3$

i) പാവമീനാടിൻ സ്വർണ്ണക്കിണ്ണമായിരുന്നവൻ
ദാ, നോക്കു, വാനിൽ പൂർണ്ണചന്ദ്രനായവൻ വീണ്ടും.

ii) എത്രയുംമോഹം നമുക്കിങ്ങതിന്നു നീ
പാത്രമെന്നുള്ളതും സന്ദേഹമില്ലെടോ.

41. അലങ്കാരം നിർണ്ണയിയ്ക്കുക : ( ഏതെങ്കിലും ഒന്നിന്റെ ) 3

i) തടിയനരയാലതു തലയിൽ തീകാളും നെടും -
ചുടലഭൂതം കണക്കെ ചലിച്ചു നിൽപ്പൂ.

ii) പാവനമാം മുഖ പരിവേഷമാന്ന മുഗ്ധയുവ -
ഭാവമോടും കൂറെഴും വാർമിഴികളോടും.

42. പദങ്ങൾ പിരിച്ചെഴുതുക : 1

ഭാഗ്യം കെടില്ലൊരു നാട്ടിനുമുണ്ടയൽ -
പക്കങ്ങളെങ്കിൽസ്സഹകരിച്ചീടുവാൻ.

43. സ്വന്തം വാക്യത്തിൽ പ്രയോഗിയ്ക്കുക : ( ഏതെങ്കിലും നാലു പദങ്ങൾ )
$4 \times \frac{1}{2} = 2$

i) തക്കം പാക്കുക
ii) മുതലക്കണ്ണീർ
iii) വെമ്പൽ കൊള്ളുക
iv) അക്കരപ്പച്ച
v) ഇരയിട്ടു മീൻ പിടിക്കുക
vi) വെളുക്കാൻ തേച്ചത് പാണ്ടാവുക

44. 'എ' - വിഭാഗത്തിലെ കവികളുടെ പേരിനോട് 'ബി' - വിഭാഗത്തിലെ കൃതികളുടെ പേരുകൾ യോജിപ്പിച്ചെഴുതുക : 2

| 'എ' – വിഭാഗ | 'ബി' – വിഭാഗ |
|---|---|
| i) കുമാരനാശാൻ | a) പുത്തൻ കലവും അരിവാളും |
| ii) ഉള്ളൂർ | b) സോപാനം |
| iii) ബാലാമണിയമ്മ | c) കരുണ |
| iv) ഇടശ്ശേരി | d) പിംഗള |

45. നിങ്ങൾ പങ്കെടുത്ത ഒരു ഉല്ലാസയാത്രയിലെ അനുഭവങ്ങളെ ഉൾക്കൊള്ളിച്ച് കൊണ്ട് സുഹൃത്തിന് ഒരു കത്തെഴുതുക. 5

46. പരാവർത്തനം ചെയ്യുക : 5

സ്നേഹത്തിൽ നിന്നുദിയ്ക്കുന്നൂ - ലോകം -
സ്നേഹത്താൽ വൃദ്ധിതേടുന്നു
സ്നേഹംതാൻ ശക്തി ജഗത്തിൽ - സ്വയം -
സ്നേഹം താനാനന്ദമാക്കും.